ട്ടത്തി സാമ്പത്തികമായും രാഷ്ട്രീയമായും മറ്റെല്ലാവിധത്തിലും, ഓരോ കെട്ടുപാട ഉണ്ടാക്കുന്നപക്ഷം ഇമ്മാതിരിയുള്ള വ്യക്തിവിശേഷങ്ങൾക്കും സാമുദായികവിശേഷങ്ങൾക്കും ഒന്നും തന്നെ ഇടവരുന്നതല്ല. അതു പരിപാവനമായ രീതിയിലായിരിക്കും. തിരുവിതാംകൂറിലുള്ള ഗ്രാമങ്ങളും നാഞ്ചനാട്ടോ ബ്രിട്ടീഷിലോ ഉള്ള ഗ്രാമങ്ങളും തമ്മിൽ പല വ്യത്യാസങ്ങളുമുണ്ട്. അവിടങ്ങളിൽ ദേവാലയങ്ങൾ, മാസ്കുകൾ മുതലായ സകല സ്ഥാപനങ്ങളുമുണ്ട്. അവിടെ വ്യക്തിവിശേഷം ഉണ്ടാകുവാൻ ഇടയില്ല, പ്രദേശങ്ങളിൽ ഓരോ വീടും ഓരോ പുരയിടത്തിലും ഇരിക്കുന്ന ഇപ്രകാരമുള്ള സങ്കേതങ്ങളിൽ ഇതേമാതിരിയുള്ള വില്ലേജ് റീകൺസ്ട്രക്ഷൻ ഒരു മാതൃകയായി എടുക്കാതിരുന്നാൽ പല വൈഷമ്യങ്ങളും വരുമെന്നുള്ള സംഗതി മാത്രം ഗവണ്മെൻറു മുൻപാകെ സമർപ്പിച്ചുകൊണ്ടു അതിന് വേണ്ട ഒരു തോതു ഉണ്ടാക്കണമെന്ന് ഉൽബോധിപ്പിച്ചുകൊള്ളുന്നു.

മൂന്നാമതായി എനിക്കു പറയുവാനുള്ളതു്, സാധാരണയായിട്ടു അധഃകൃതരെന്നുള്ള അർത്ഥംവച്ചു് ആരെങ്കിലും സംസാരിക്കുന്നു എന്നു വരുകിൽ അധഃകൃതർ എന്നു പറയുന്നതു് താഴ്ന്ന ജാതിക്കാർ എന്നല്ല, എന്നാൽ അധഃകൃതർ എല്ലാ ജാതിയിലുമുണ്ടെന്നാണ്. തിരുവിതാംകൂർ ഗവണ്മെൻറിൽ നിന്നും അധഃകൃതവർഗ്ഗത്തിൽ പള്ളർ, പറയർ എന്നു പറയുന്ന കൂട്ടത്തിൽ നായന്മാർ, ഈഴവർ മുതലായവരിലും ഇതേമാതിരി ഭൂമിയില്ലാതെയും നിത്യവൃത്തിക്കു യാതൊരു മാർഗ്ഗമില്ലാതെയും കഷ്ടപ്പെടുന്ന എല്ലാ ആളുകളേയും കൂട്ടിച്ചേർക്കത്തക്ക രീതിയിൽ ദയ ഭേദപ്പെടുത്തണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

മീൻപിടിത്തത്തിലേക്കായി വേണ്ട ഏർപ്പാടുകൾ ചെയ്യുമെന്നുള്ളതായി ബഡ്ജറ്ററിൽ കാണുന്നു.

MR. P. VIVEKANANDAM: May I know from the honourable member whether educated Brahmins can be classed as Backward Communities if they have not got land?

MR. T. C. KESAVA PILLAI: ഞാൻ പറയുന്നതു് മീൻപിടിത്തത്തിലേക്കു ഒരു ചെറിയ കപ്പൽമാതിരിയുള്ള ഏറാനങ്ങൾ, യന്ത്രങ്ങൾ ഉണ്ടെങ്കിൽ ഏതു ജാതിക്കാർക്കും മീൻ പിടിക്കാം. അതിലേക്കു മീൻപിടിത്തവിദഗ്ദ്ധനെക്കൊണ്ടു് വേണ്ടതു ചെയ്യിക്കണം. തെക്കൻതിരുവിതാംകൂറിൽ സാധാരണയായിട്ടു് ഭൂമിഉടമസ്ഥന്മാർക്കു ഇപ്പോൾ വസ്തുക്കളും വകകളും ഇല്ലാ. എന്നാൽ ഇപ്പോൾ പട്ടാളത്തിൽ ചേരാനുള്ള സൌകര്യ

[Mr. T. C. Kesava Pillai]

മുണ്ട്. അതിലേക്ക് അവിടെ പ്രത്യേക ധൈര്യംകൊണ്ടോ, സാമ്പത്തികാധഃപതനംകൊണ്ടോ ധാരാളം ആളുകൾ തയ്യാറായിരിക്കുന്നു. പന മുതലായ വൃക്ഷങ്ങളിൽ കയറുന്നതിന് ആളുകൾ വളരെ വിഷമിക്കുന്നു. ഭൂമിയും അവർക്കില്ല വൃക്ഷങ്ങളുമില്ല. പന മുതലായ വൃക്ഷങ്ങളിൽ കയറുന്നതിനും അതേമാതിരി വേറെവിധത്തിലുള്ള തൊഴിലുകൾ ചെയ്യുന്നതിനും അവർ തയ്യാറാണ്. ഇത് ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയോ ആരേയും ആക്ഷേപിക്കുന്നതിനുവേണ്ടിയോ പറയുന്നതല്ല. അതിലേക്കും വിദഗ്ദ്ധന്മാർ ഓരോ വഴികൾ കണ്ടുപിടിച്ചു വേണ്ടതു ചെയ്യണമെന്നും ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

ഇറിഗേഷൻ പദ്ധതി സംബന്ധിച്ച് ശ്രീമാൻ ജപമണിനാടാർ പ്രസ്താവിച്ചതുപോലെ പേച്ചിപ്പാറ ജലാശയത്തിനകത്ത് പല ചെറിയ ചെറിയ ഉപനദികൾ വന്നുചേരുന്നുണ്ട്. അവിടങ്ങളിൽ ഉയന്ന സ്ഥലത്ത് ചെറിയ ചെറിയ അണകൾ കെട്ടി 'എസ്കേപ്പ്' വഴി ഒഴുകിപ്പോകുന്ന വെള്ളത്തെ കെട്ടിനിറുത്താൻ സാധിക്കും. ചിററാർ നെയ്യാററിൻകര അരുവിക്കര എന്ന സ്ഥലങ്ങളിൽ ചെറിയ അണകൾ കെട്ടി വെള്ളത്തെ തിരിച്ച് കുളങ്ങളിലേക്ക് വിടത്തക്ക രീതിയിൽ വേണ്ടതു ഉടനടി ചെയ്യണമെന്നും ഗവൺമെൻറിനോടഭ്യർത്ഥിച്ചുകൊള്ളുന്നു. ഇതുപോലെ ഉപ്പൂപ്പ് മുതലായ സ്ഥലങ്ങളിലും അണകൾ കെട്ടി ജലസൌകര്യം വർദ്ധിപ്പിക്കുന്നതിലേക്ക് വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നും അഭ്യർത്ഥിച്ചുകൊള്ളുന്നു,

SAHIB BAHADUR P. S. MAHOMED : സർ, ഈ സഭമുമ്പാകെ അവതരിക്കപ്പെട്ടിട്ടുള്ള ബഡ്ജററിനേയും അതിനെ അവതരിപ്പിച്ചതായ ഫിനാൻഷ്യൽ സെക്രട്ടറിയേയും അഭിനന്ദിച്ചുകൊണ്ട് പല പ്രസംഗങ്ങൾ ഇവിടെ നടന്നുകഴിഞ്ഞു. ഇന്ന് ലോകം വളരെ വിഷമമേറിയ ഒരു ഘട്ടത്തിൽക്കൂടി ഗമിക്കുകയാണെന്നുള്ള സംഗതി എല്ലാവക്കും അറിയാവുന്ന പരമാർത്ഥമാണ്. മഹായുദ്ധത്തിൻെറ ആ ഭയങ്കര ദുരിതം തിരുവിതാംകൂറും അതർഹിക്കുന്നവിധത്തിൽ അനുഭവിച്ചുകഴിഞ്ഞിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ൧൧൧൬-ൽ തിരുവിതാംകൂറിലെ ഭരണചക്രം വേണ്ടവിധത്തിൽ തിരിച്ച് വിജയകരമായ നിലയിൽ എത്തിച്ച്, അഞ്ചു ലക്ഷം രൂപായെങ്കിലും മിച്ചം പ്രതീക്ഷിക്കത്തക്ക നിലയിൽ ഒരു ബഡ്ജററ് അവതരിപ്പിച്ചതിന് ഫിനാൻഷ്യൽ സെക്രട്ടറിയെ മാത്രമല്ല അതിനു കാരണഭൂതമായിട്ടുള്ള ഗവൺമെൻറിനെയും ഞാൻ യഥാർത്ഥത്തിൽ

അഭിനന്ദിച്ചുകൊള്ളുന്നു. കഴിഞ്ഞ ബജറ്റ് സമ്മേളനത്തിൽ സാമാജികന്മാർ നിർദ്ദേശിച്ചിരുന്നതായ സംഗതികൾ ചെയ്യുന്നതായാൽ, യഥാർത്ഥത്തിൽ മിച്ചം ഉണ്ടാകട്ടെ, ഇല്ലാതിരിക്കട്ടെ, ഇങ്ങനെ ഒന്നു പ്രതീക്ഷിക്കുവാൻ സാധിക്കുകയില്ലായിരുന്നു എന്നാണ് ഞാൻ വിചാരിച്ചിരുന്നത്. അന്ന് ആ സന്ദർഭത്തിൽ തൊഴിലില്ലായ്മയുടെ ദാരുണമായ കാഴ്ച കണ്ടു സാമാജികരുടെ ശ്രദ്ധ മുഴുവൻ അതിൽ പതിപ്പിക്കുകയും ഗവൺമെന്റ് അരി വിതരണം ചെയ്യുക, റിലീഫ് വർക്ക് ചെയ്യുക എന്നീ സംഗതികളിൽ ശ്രദ്ധ പതിപ്പിക്കുന്നതിനു ഉൽസുകരായി തീരുകയും ചെയ്ത ആ സന്ദർഭത്തിൽ ആ ൧൦൯൩ അവസാനിക്കുമ്പോൾ ഏതെങ്കിലും വിധത്തിൽ മിച്ചമുണ്ടാകത്തക്ക ഒരു നില പ്രതീക്ഷിക്കാൻ സാധിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഈ അഞ്ചുലക്ഷം പ്രതീക്ഷിച്ചിട്ടുള്ളത് വാസ്തവത്തിൽ ആ അഞ്ചുലക്ഷവും മിച്ചമായി വരുമെന്നു ഇന്ന് എനിക്ക് വിശ്വാസമില്ല. എങ്കിലും പ്രതീക്ഷിക്കുവാൻ കഴിഞ്ഞല്ലോ എന്നുള്ളതാണ്. റിവൈസഡ് എസ്റ്റിമേററിൽ അഞ്ചുലക്ഷം രൂപായെങ്കിലും മിച്ചം വരുമെന്ന് പ്രതീക്ഷിക്കുവാൻ കഴിഞ്ഞതിനാലാണ് എനിക്ക് സന്തോഷമുള്ളത്. ബഡ്ജററിൽ ഓരോ വശങ്ങളും നോക്കുന്നതായാൽ ൧൦൯൩-ൽ ജനങ്ങളുടെ സുഖത്തിനുവേണ്ടി ഗവൺമെന്റു വേണ്ടതു പ്രവർത്തിച്ചിട്ടുണ്ടെന്നു കാണാനുണ്ട്. അതിന്റെ അവസാനം വരെ ആ വർഷത്തിൽ നീക്കിവച്ചിട്ടുള്ള സംഖ്യ ഈ തുച്ഛമായ മിച്ചത്തിനുവേണ്ടി ലാഭിക്കരുതെന്ന് എനിക്ക് അപേക്ഷയുണ്ട്. ഈ അഞ്ചുലക്ഷം നമുക്കു മിച്ചം കിട്ടിയിട്ടില്ലെന്നു വരികിലും ഈ അസംബ്ലിയിലുള്ള ഒരു കുഞ്ഞുപോലും അതിന് വേണ്ടി ഗവൺമെന്റിനോടു പരിഭവപ്പെടുമെന്നു എനിക്കു വിശ്വാസമില്ല. ൧൦൯൪-ൽ ഒന്നരലക്ഷം രൂപാ മിച്ചം വരത്തക്ക നിലയിലാണ് ബഡ്ജററ് രൂപീകരിച്ചിട്ടുള്ളത്. ഈ സംഖ്യ കഴിഞ്ഞകൊല്ലത്തിൽ നിന്നും സാമ്പത്തികമായ നിലക്കു യാതൊരു വ്യത്യാസവും വരത്തക്ക സന്ദർഭങ്ങളില്ലെന്നു വരികിലും വന്നിട്ടുള്ള സംഗതി നമുക്ക് മറക്കുവാൻ നിവൃത്തിയില്ല. കസ്റ്റംസ് ഇനത്തിലാണെങ്കിൽ വലിയ ഒരു സംഖ്യ കുറയുമെന്നുള്ള സംഗതി ഫിനാൻഷ്യൽ സെക്രട്ടറി സമ്മതിക്കുന്നുണ്ട്. ആ നിലക്ക് ഒന്നര ലക്ഷം രൂപാ ഒരു സർപ്ലസ്സ് ആണെന്നു ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ വളരെ ആദായകരമായ ചില തൊഴിലുകൾക്കു ഗവൺമെന്റു വളരെ തുച്ഛമായ കരം ചുമത്തിയിട്ടുള്ളതിൽ പരാതിപ്പെട്ടതായി കേട്ടു. എനിക്ക് അവരോടു പറയുവാനുള്ളത് ഒന്നരലക്ഷം രൂപാ ഒരു മിച്ചമല്ലെന്നും ഈ ബഡ്ജററിന്റെ ഓരോ ഐററംസും നോക്കുന്നതാ

[Mr P. S. Mahomed.]

ഷാൽ ട്രാൻസ്പോർട്ടിൽ നിന്നും പ്രതീക്ഷിച്ചിട്ടുള്ളതു് കഴിഞ്ഞ കൊ
ത്തെ അനുഭവം കൊണ്ടു നോക്കുന്നതായാൽ അത്രയും തന്നെ കിട്ടുമെ
ന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. കളിമൺ ഫാക്ടറിയെ സംബന്ധി
ച്ചാണെങ്കിലും പ്രതീക്ഷിച്ചിട്ടുള്ള സംഖ്യ മുഴുവൻ കിട്ടുമോ എന്നുള്ള സം
ഗതി അവസാനത്തിലെ തീർച്ചപ്പെടുത്തുവാൻ കഴികയുള്ളു. അഡ്മി
നിസ്ട്രേഷൻ ആഫ് ജസ്റ്റീസ് ഇനത്തിലും മുൻപു കിട്ടിയിട്ടുള്ള സം
ഖ്യ കിട്ടുമോ എന്നുള്ളതു് സംശയമാണു്. രജിസ്ട്രേഷൻ, സ്റ്റാമ്പ് എ
ന്നീ ഇനങ്ങളിലും അപ്രകാരം തന്നെ. ൧൧൧൭-ലെ ബഡ്ജററു് ഒരു സ
ർപ്ലസ് ബഡ്ജററായി തീരുമെന്നു വിചാരിക്കാൻപാടില്ല. ഈ സന്ദ
ർഭത്തിൽ ഗവൺമെൻറു തുച്ഛമായ ഒരു കരം മാത്രമല്ലേ ചുമത്തിയിട്ടു
ള്ളു എന്നുള്ളതിനാണു് ഞാൻ ഗവൺമെൻറിനെ അഭിനന്ദിക്കുന്നതു്. അടു
ത്ത കൊല്ലവും ഈ കൊല്ലത്തിൽ ചെയ്തതെല്ലാം അല്പാല്പമായിട്ടെങ്കിലും ഗവ
ൺമെൻറിനു ചെയ്യേണ്ടതായിട്ടുതന്നെ വരും. ദുരിതനിവാരണം ഏതാണ്ട്
സമാപിക്കത്തക്ക നിലയിൽ വന്നിട്ടുണ്ടെങ്കിലും മുഴുവൻ ആ വിഷയത്തി
ൽ ശ്രദ്ധിക്കാതിരിക്കാൻ സാദ്ധ്യമല്ല. ആലപ്പുഴയിലും, ചേർത്തലയിലുമുള്ള
ഫാക്ടറികൾ അടച്ചിരുന്നതായ ഒരു സന്ദർഭത്തിൽ തൊഴിലാളികൾ
അനുഭവിച്ചിട്ടുള്ളതായ കഷ്ടപ്പാടുകൾ എത്രമാത്രമാണെന്നു ഞാൻ പ
റഞ്ഞറിയിക്കേണ്ട ആവശ്യമില്ല. അങ്ങയുടെ ശ്രമഫലമായി അങ്ങക്കുള്ള
സ്വാധീനശക്തിയുടെ ഫലമായി ആലപ്പുഴക്കാരെങ്കിലും ഒരു വിധത്തിൽ
രക്ഷപ്പെട്ടു. അങ്ങയുടെ ശ്രമംകൊണ്ടു് ഐ. എസ്സ്. ഡി. ആർഡേ
ഴ്സു ലഭിക്കുന്നതിനു് അസോസിയേഷൻ മെമ്പറന്മാർക്കു് ഭാഗ്യമുണ്ടായി
അതിൻെറ ഫലമായി അവിടെയുള്ള ഫാക്ടറികൾ ഇനിയും കുറേക്കാ
ലത്തേക്കു തുടർന്നു നല്ല നിലയിൽ നടക്കുമെന്നാണു് ഞാൻ പ്രതീക്ഷിക്കു
ന്നതു്. ഇതിനുവേണ്ടി ഗവൺമെൻറിനേയും അങ്ങയേയും ഞാൻ ഹൃദയ
പൂർവ്വം അഭിനന്ദിച്ചുകൊള്ളുന്നു. എന്നാൽ ആ നില വന്നതോടുകൂടി ര..
വിടെ പെട്ടെന്നുണ്ടായതു്, അതിനു മുൻപും ഇതുവരെയും കഷ്ടപ്പെട്ടു
തായ നിലയെ തൊഴിലാളികൾ സ്വല്പനേരത്തേക്കു മറക്കേണ്ടതായിവന്നു.
ഉടനടി സന്ദർഭം മനസ്സിലാക്കി അങ്ങു് ആലപ്പുഴയിൽ എത്തി മുതലാളി
മാരേയും തൊഴിലാളികളേയും വരുത്തി തൊഴിലാളികൾക്കു് ഒരു ദിവസം
ഏതാണ്ടു ഇന്നതു കിട്ടുമെന്നുള്ള ഒരു നില അവരെ മനസ്സിലാക്കുകയും
അതനുസരിച്ചു് അവരുടെ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുകയും
ചെയ്തു. അവസാനം മുതലാളിമാരുടെ കണക്കനുസരിച്ചു് ഒരുവിധത്തിലും
തൊഴിലാളികൾക്കു് അവരുടെ സംഖ്യ കിട്ടുകയില്ലെന്നു വരുകയും അപ്പോൾ

ലേബർ കമ്മീഷണർ ഒരു അന്വേഷണം നടത്തി കിട്ടേണ്ട സംഖ്യക്കു ഒരു നിർണ്ണയം വരുത്തുകയും ചെയ്തു. അതു ആദ്യംമുതൽ ഐ. എസ്സ്. ഡി. ഓർഡർകൾക്കു കിട്ടണമെന്നു തൊഴിലാളികളും, തീർച്ചക്കു ശേഷമുള്ള ആ തുകയെ കൊടുക്കുകയുള്ളു എന്നു മുതലാളിമാരും തീർച്ചപ്പെടുത്തി. വീണ്ടും ഫാക്ടറികൾ ഒന്നോ രണ്ടോ പ്രാവശ്യം അടക്കേണ്ടതായിവന്നു. തൊഴിലാളികൾ ഒരുവിധത്തിലും മുതലാളിമാർ മറെറാരുവിധത്തിലും തെററിദ്ധരിച്ചിരുന്നു. തൊഴിലാളികളെ വിഷമിപ്പിക്കുന്നതിനാണ് ഇപ്രകാരം പ്രവൎത്തിക്കുന്നതെന്നും, മുതലാളിമാരെ വിഷമിപ്പിക്കുന്നതിനാണ് ഫാക്ടറികൾ അടച്ചതെന്നും, പോലീസുകാരുടെ ആജ്ഞ അനുസരിച്ചാണ് അവർ പ്രവൎത്തിക്കുന്നതെന്നും ഒരു തെററിദ്ധാരണയുണ്ടായി. അതിൻെറ ഫലമാണ് എൻെറ സ്നേഹിതൻ മി: കെ. സി. കരുണാകരൻ ഇന്നലെ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ മുതലാളിമാർ തൊഴിലാളികളെ ഭയന്നല്ലാ, നേരെമറിച്ചു സംഗതികളുടെ കിടപ്പു മനസ്സിലാക്കിയായിരുന്നു തങ്ങൾ അവരുടെ അഭീഷ്ടത്തിനു വഴിപ്പെട്ടതെന്നു പ്രസ്താവിച്ചതു്. കുററം ഏതുവശത്തായിരുന്നാലും ആ സന്ദർഭത്തിൽ എനിക്കും ഈ അഭിപ്രായം തോന്നാതിരുന്നില്ല. അപ്പോൾ ഞാൻ ഇൻസ്പെക്ടർ ജനറലിൻെറ പേൎക്കു അവിടത്തെ അന്തരീക്ഷത്തിൻെറ നില കാണിച്ചു്, ഗവൺമെൻറു ഇതിൽ ഏതെങ്കിലുംവിധത്തിൽ കാൎയ്യക്ഷമതയോടുകൂടി ഒരു നില സ്വീകരിക്കണമെന്നു എഴുതിഅയച്ചു. അദ്ദേഹം ആലപ്പുഴ വരുമ്പോൾ ആ അന്തരീക്ഷം ഇത്ര വേഗത്തിൽ ശാന്തമാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. വന്ന പിറേറദിവസം തന്നെ ഫാക്ടറികൾ തുറക്കുകയാണ് ചെയ്തതു്. രണ്ടുകൂട്ടൎക്കും തൃപ്തികരമായ ഒരു അന്തരീക്ഷം ഉണ്ടാകുമെന്നുള്ള ഒരു അവസ്ഥ, വന്ന പിറേറദിവസം തന്നെ ദൃശ്യമായി. അദ്ദേഹത്തിൻെറ ഏററവും സന്ദർഭോചിതമായ ചെയ്തിട്ടുള്ള പ്രവൃത്തികളെ ഞങ്ങൾ അഭിനന്ദിക്കുന്നു. എങ്കിലും, അതിനു എപ്പോഴും ഞങ്ങൾ കടമപ്പെട്ടവരാണെങ്കിലും, ഏതെങ്കിലും ഒരു തൊഴിലാളി മുതലാളിമത്സരം വരികയാണെങ്കിൽ, ഏതെങ്കിലും വിധത്തിൽ ഒരു തീർച്ചയുണ്ടാകാതെ രണ്ടോ മൂന്നോ മാസങ്ങൾക്കു മുകളിൽപോയി അവിടംമുതൽ സംഗതികൾ ശരിപ്പെടുത്തണമെന്നുള്ള ഒരു നില വന്നുകൂടാൻ പാടില്ലാത്തതാകുന്നു.

The House adjourned at 1 p. m. and re-assembled at 2 p. m. with the President in the Chair.

SAHIB BAHADUR P. S. MUHAMED : സർ, തൊഴിലാളികളുടെ മക്കടമുഷ്ടിയും മുതലാളിമാരുടെ ദുർമോഹവും കൊണ്ടുണ്ടായിരുന്ന നിസ്സാരമായ സംഗതികൾ കുഴപ്പമുണ്ടായതെങ്കിലും, ഭാഗ്യവശാൽ അങ്ങയുടെ ഉപദേശത്തിന്റെ ഫലമായി കാര്യങ്ങൾ തൊഴിലാളികളും മുതലാളികളും തമ്മിൽ ഭംഗിയായിത്തന്നെ അവസാനിക്കത്തക്ക ഒരന്തരീക്ഷമാണുണ്ടായതു്. അങ്ങനെ അവിടത്തെ കുഴപ്പം അവസാനിച്ചു. ഇനിയും കുറെക്കാലത്തേക്കു വൈഷമ്യങ്ങളൊന്നുമുണ്ടാകാതെയിരിക്കത്തക്കനിലയിൽ വാളണ്ടിയർ കൺസിലിയേഷൻബോർഡ് രൂപീകരിച്ചു. അതിനു പുറമെ ഐ. എസ്സ്. ഡി. ആർഡേഴ്സ് ധാരാളമായി ഉണ്ടായി. എന്നാൽ ചേർത്തലയിലാണെന്നുവരുകിൽ കഴിഞ്ഞകൊല്ലത്തിൽ അരിവിതരണം ചെയ്തതും റിലീഫ് വർക്ക് നടത്തിയതും ആയ അന്തരീക്ഷത്തിനു യാതൊരു മാററവും ഉണ്ടായിട്ടില്ല. അങ്ങയുടെ ശ്രമഫലമായി കിട്ടിയതായ ഐ. എസ്. ഡി. ആർഡേഴ്സിന്റെ ഒരംശം അനുഭവിക്കുവാനുള്ള ഭാഗ്യം അവർക്കുണ്ടായില്ല. ഇരുന്നൂററിഅമ്പതു ചെറിയ ഫാക്ടറികളോളം ചേർത്തലയിലുണ്ടു. അതിന്റെ ഒരു അസോസ്യേഷൻ പ്രസിഡൻറു എന്നുള്ള നിലയിൽ കുറെക്കാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എനിക്കു അവരുടെ ഇന്നത്തെ പരിതാപകരമായ നിലയെക്കുറിച്ചു പറയാൻ കഴിയും. ഇരുന്നൂററിഅമ്പതോളം വരുന്ന ഫാക്ടറികളിൽ ൧൩ എണ്ണത്തിനു മാത്രമാണു ഐ. എസ്സ്. ഡി. ആർഡേഴ്സ് വഴിയുണ്ടായ ആഡറിന്റെ കീഴ് കൺട്രാക്ററു ലഭിച്ചതു മുപ്പത്തിമൂന്നു ശതമാനം കുറച്ചുള്ള റേററിനാണു ആർഡർ കിട്ടപ്പെട്ടന്നതു്. അങ്ങിനെ വളരെ കുറഞ്ഞതായ റേററിനുവേണ്ടി ദൂരദേശങ്ങളിൽ പോയി ശ്രമിച്ചതിന്റെ ഫലമായിട്ടു മാത്രമാണു പതിമൂന്നു ഫാക്ററികൾക്കു മാത്രമെങ്കിലും കുറെ ആഡറുകൾ കിട്ടിയതു. ഈ പതിമൂന്നു ഫാക്ററികളിൽ ഏതാണ്ടു അല്പസ്വല്പമായിട്ടുള്ള വേലകൾ ഉണ്ടായിരുന്നു എന്നു വേണമെങ്കിൽ പറയാം. അതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. തൊഴിലാളികൾക്കാകട്ടെ അവിടെയുള്ള മുതലാളിമാക്കാകട്ടെ അതുകൊണ്ടു യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല. ഈ നിലക്കു ഒരു തൊഴിലാളി-മുതലാളി മത്സരം ആലപ്പുഴയിൽ സംഭവിച്ച മാതിരി ചേർത്തലയിലും ഉണ്ടാകുക എന്നുവച്ചാൽ അതിനേക്കാൾ ആപൽക്കരമായ ഒരു രംഗം തൊഴിലാളികൾക്കു വരുവാനില്ല.

ഐ. എസ്സ്. ഡി. ആർഡറുകൾ മാത്രം കൊണ്ടാണു് ഇന്നു് ഫാക്ററികളിൽ ജോലികൾ ഉള്ളതായി കാണുന്നതു്. ചേർത്തലയിലുള്ള ഫാക്ററികളിൽ ഒരു ഒററ ഫാക്ററിമാത്രമേ മാൻഫാക്ചറിംഗ്

അസോസിയേഷനിൽ ഉൾപ്പെട്ടതായുള്ള ഇരുന്തൂറിൽശിഷ്ടം ഫാക്ററികൾക്കും അവ വലുതായാലും കൊള്ളാം ചെറുതായാലും കൊള്ളാം ആ ആർഡേഴ്സിൻെറ യഥാർത്ഥമായ പ്രയോജനം അനുഭവിക്കുവാൻ സാധിച്ചിട്ടില്ല.

PRESIDENT : Why does the honourable member say that? Was it not generally understood that these would be distributed not only to Alleppey, but under certain conditions, which were more or less discussed, to Shertallay also?

SAHIB BAHADUR P. S. MUHAMED : അങ്ങനെയായിരുന്നു ഞങ്ങളുടെ വിശ്വാസം. മാനുഫാക്ചറേഴ്സ് അസോസിയേഷനെ സംബന്ധിച്ചാണെങ്കിൽ അവർ പ്രൊഡക്ഷൻ കപ്പാസിററിയെ അല്ല കണക്കാക്കുന്നതു്. ഷിപ്പ്മെൻറു കപ്പാസിററിയെയാണ്. കിട്ടുന്ന ആർഡറുകൾ തന്നെ അവരുടെ അടുക്കൽചെന്നു കാത്തുകിടന്നു വളരെ ചുരുങ്ങിയ റേററിനു വേലചെയ്യുതരാമെന്നു പറഞ്ഞിട്ടാണു കിട്ടുന്നതു.

മി: ജാർജ് പ്രസിഡൻറായിരുന്ന ട്രെയിഡ ഡിസപ്യൂട്ട് കമ്മററിയിൽതന്നെ ആലപ്പുഴയെ അപേക്ഷിച്ച് മുപ്പത്തിമൂന്നിൽശിഷ്ടം ശതമാനം കുറച്ചാണ് ചേർത്തലയിൽ റേററു നിശ്ചയിച്ചിരിക്കുന്നതു്. ഈ നിലയിലുള്ള വിഷമം അവിടെ യുണ്ടാക്കുക എന്നു വച്ചാൽ ഇനിയും കുറെ റിലീഫ് വർക്ക്, അരി എന്നിവ ചേർത്തലക്കുവേണ്ടിമാത്രം മാററിവക്കേണ്ടിവരും. അവിടെ ഫാക്ടറികൾക്കു പ്രവർത്തിക്കുവാൻ നിവൃത്തിയില്ല. ആലപ്പുഴയിൽ കിട്ടുന്നതായ ആർഡറിൻെറ ഒരു ശതമാനം ചേർത്തലക്കും കിട്ടാൻ വേണ്ട സൌകര്യം ചെയ്യണം. അതിന് രണ്ടു ഗുണങ്ങൾ ഉണ്ട്. ഒന്നാമതായി ബാംബെ, കൽക്കട്ട, ഇവിടങ്ങളിലുള്ള ആളുകൾക്കു ആർഡർ എടുത്തു് ഇവിടെ വന്നു ചെറിയ റേററിന് ഇവിടെ ചെയ്യിച്ചു കൊടുക്കാൻ സാധിക്കുന്ന പതിവു നിറുത്തുവാൻ കഴിയും. രണ്ടാമതായി ആലപ്പുഴയിലിപ്പോൾ ലേബർപ്രതിനിധികളും എംപ്ളായികളും കൂടി ഒരു കമ്മററി രൂപീകരിച്ചു കൂലിസംബന്ധമായ തക്കങ്ങളെ തീക്കുന്നതു പ്രകാരം ചേർത്തലയിലെ മുതലാളിതൊഴിലാളി പ്രതിനിധികൾ ചേർന്നു ഒരു വാളൻറിയർ ബോർഡ് ഉണ്ടാക്കി തൊഴിലാളിത്തക്കങ്ങളെ തീക്കുന്നതിനും തൊഴിലാളികൾക്കു ജോലി കൊടുക്കുന്നതിനും കഴിയും. ആലപ്പുഴയിലെ തൊഴിലാളികളും മുതലാളികളും കൂടി ചേർത്തലക്കാരുടെ കൂലി നിശ്ചയിക്കുകയെന്നുവന്നാൽ അതു ഭയങ്കരമാണ്. ആലപ്പുഴയിലേയും ചേർത്തലയിലേയും ചുററുപാടുകൾ വേറെവേറെയാണ്. ആലപ്പുഴയിൽ എല്ലാ തൊഴിലിനും കൂലി കൂടുതലാണ്. അവർ നിശ്ചയിക്കുന്ന കൂലി ചേർത്തലയിൽ കൊണ്ടുവരുന്നതു നല്ലതല്ല.

PRESIDENT: I suppose the honourable member will grant that wages in the nature of things, would not be exactly the same in Shertallai as in Alleppey.

(Mr. K. C. Karunakaran stood up to ask a question).

PRESIDENT: I was just going to mention that after Mr. Muhamed's speech is over, if any question of a personal character arises I will give the honourable member Mr. Karunakaran two minutes.

SAHIB BAHADUR P. S. MUHOMED: ആലപ്പുഴയിലെപ്പോലെതന്നെ ചേർത്തലയിലെ തൊഴിലാളി പ്രതിനിധികളും മററും ചേർന്നു ഒരു കമ്മററി രൂപീകരിക്കുന്ന സംഗതിയിൽ വേണ്ടതു പ്രവർത്തിക്കാൻ എംപ്ലോയേഴ്സ് അസോസിയേഷൻ തയ്യാറാണു. ചേർത്തല ഫാക്ടറിക്കാരുടെ സംഗതികളും നടക്കണം. അവക്കും മുമ്പോട്ടുപോകണം. അവക്കും ജീവിക്കണം. അല്ലെങ്കിൽ ക്ഷമയോടുകൂടി അവക്കു മുമ്പോട്ടുപോകാൻ സാധിക്കുകയില്ല.

ഇനി എനിക്കു പറയുവാനുള്ളതു എന്റെ സ്നേഹിതന്മാരിൽ ചിലർ ഇവിടെ പറഞ്ഞിട്ടുള്ളതായ ഇന്നത്തെ രാഷ്ട്രീയസംഗതികളെ കുറിച്ചാണ്. മി. നാരായണൻ ഉത്തരവാദഭരണം തീർച്ചയായിട്ടും പാടില്ല അതു ഈഴവസമുദായത്തിനു പററിയതല്ല — അവർ അഭിലഷിക്കുന്നില്ല. എന്നും മററും ഇന്നു പറഞ്ഞുകഴിഞ്ഞു. ഈഴവ സമുദായത്തെ സംബന്ധിച്ചിടത്തോളം അതു വിലമതിക്കത്തക്ക അഭിപ്രായമാണ്. മുസ്ലിം സമുദായത്തെ സംബന്ധിച്ചാണെങ്കിൽ അവരുടെ അഭിപ്രായം ആരംഭം മുതൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അവർ ഏററവും ചെറിയ ഒരു ന്യൂനപക്ഷസമുദായമാണ്. അവക്കു പ്രത്യേകമായ സംസ്കാരം മതം ഇവയുള്ളതുകൊണ്ട് മഹാരാജാവു തിരുമനസ്സിനോടു ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റിൽ ആയിരിക്കും അവക്കു വിശ്വാസം. പൊതുജനരക്ഷക്കുവേണ്ടി പൊതുജനങ്ങളുടെ അഭിപ്രായം ആദരിക്കത്തക്ക നിലയിലുള്ള ഒരു ഭരണസമ്പ്രദായമാണ് ജനങ്ങൾ ആഗ്രഹിക്കുന്നതു്. ജനങ്ങളുടെ ആഗ്രഹത്തെ ആദരിക്കത്തക്ക ഒരു ഭരണസമ്പ്രദായം മുമ്പോട്ടു വരുകയാണ്. മേലും അങ്ങിനെതന്നെയുണ്ടാകും. ദിവാൻപ്രസിഡൻറു അതിനെ സംബന്ധിച്ചു ഒരു പ്രസ്താവന ചെയ്തു കഴിഞ്ഞു. അതിൽ കൂടുതൽ എനിക്കു ഒന്നും പറവാനില്ല. ഏതു ഭരണപരിഷ്കാരം ഉണ്ടായാലും മുസ്ലിം സമുദായത്തെ സംബന്ധിച്ചു ഒരു സംഗതി പറവാനുള്ളതു് അവക്കു അവരുടെ മതം, സംസ്കാരം എന്നീ വിഷയങ്ങളിൽ അവർ ന്യൂനപക്ഷമായിരിക്കുന്നിടത്തോളം കാലം മഹാരാജാവു തിരുമനസ്സിലെ അധികാരത്തിനു ഭംഗം വരത്തക്ക

ഒരു ഭരണസംപ്രദായത്തെ അവർക്കു സാമുദായികമായനിലവെച്ചു നോക്കിയാൽ അനുകൂലിക്കുവാൻ നിവൃത്തിയില്ല. കാരണം-കൈകളുടെ എണ്ണം അനുസരിച്ചാണ് ഗവൺമെൻറു ഉത്തരവാദിത്വം നൽകുന്നതെന്നു വരുകിൽ പല സംഗതികളും ഞങ്ങൾക്കു വിഷമമുണ്ടാകുമെന്നുള്ള വിശ്വാസക്കാരാണു ഞങ്ങൾ. ഉദാഹരണമായിതന്നെ ഈ കഴിഞ്ഞ അസംബ്ലിയിൽ സ്പെഷ്യൽ മാര്യേജ് ബിൽ സംബന്ധിച്ച മുസ്ലിങ്ങളുടെ അഭിപ്രായം മുഴുവൻ പറയുന്നതിനു മുൻപുതന്നെ ഇവിടെ കൈകളുടെ എണ്ണംകൊണ്ടു എൻെറ കാര്യം പറയാൻ സാധിക്കാതെ വന്നു. അങ്ങനെയുള്ള ഒരു സംപ്രദായത്തിൽ ഒരു ഉത്തരവാദഭരണം-സ്റ്റേറ്റു കാൺഗ്രസിൻെറ ഉത്തരവാദിത്വഭരണംമുമ്പോട്ടുപോകുന്നുവെന്നുവരികിൽ അങ്ങിനെയുള്ള ഒരു നില വരരുതെന്ന അഭിപ്രായക്കാരനാണ് ഞാൻ. വ്യക്തിപരമായ എൻെറ അഭിപ്രായത്തിൽ എൻെറ സ്നേഹിതന്മാർ എനിക്കു മാപ്പ് തരുമെന്നു വിശ്വസിക്കുന്നു.

ഇനി ഒരു സംഗതിമാത്രമേ എനിക്കു പ്രസ്താവിക്കുവാനുള്ളു. അതായതു മുസ്ലിമങ്ങൾ എല്ലാവരും ആഗ്രഹിക്കുന്ന ഒരു സംഗതി। അവിട്ടുന്ന് ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായിട്ടു കാണുന്നതിൽ ഞങ്ങൾക്കു അതിയായ സന്തോഷമുണ്ട്. ഇസ്ലാമിക്കു കൾച്ചറിനു വേണ്ടി യൂണിവേഴ്സിററി ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. സിൻഡിക്കേററു റക്കമെൻറു ചെയ്തിട്ടുണ്ട്. സെനററിൽ അതിനു അംഗീകാരം ലഭിക്കുമെന്നു തന്നെ വിശ്വസിക്കുന്നു. ആയതിലേക്കു സെനററു മെമ്പറന്മാരോടും, ആ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ച അങ്ങയോടും എനിക്കുള്ള— എൻെറ സമുദായത്തിനുള്ള — നന്ദിയെ പ്രദർശിപ്പിച്ചുകൊള്ളുവാൻ ഈ സന്ദർഭത്തെ വിനിയോഗിച്ചു കൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. K. C. KARUNAKARAN: Sir, when the question of distributing the orders of the Indian Stores Department came up, you insisted that these orders should be distributed to all the coir factories throughout the State. It is on that strict understanding that the Government came forward to help the Association in getting those orders for mats and mattings, giving the necessary guarantee to the Government of India. Not only you insisted in a general way, Sir, when the orders were secured by the Association. and when the question of distribution came up, you sent Mr. G. Parameswaran Pillai to Alleppey to see that the interests of the mofussil factories were also safeguarded. Sir, we acted in these things according to your advice. There are only a very few factories in Shertalai and also in Anjengo which directly export

[Mr. K. C. Karunakaran.]

mats and mattings to the United Kingdom. In distributing these orders, we were not able to go by the number of looms working in a factory. If we go on the basis of the number of looms; the benefit would go to two or three European factories and they will get the largest share of the orders. After a full discussion lasting for days, we came to the conclusion that the only basis of distributiug the orders is the basis of the export figures which each shipper handled over a period of three years. Sir, these mofussil factories except a few of them are feeders to important Alleppey factories and we fed these factories as in the past in respect of these I. S. D. orders also. When we put up all these figures and facts before your representative Mr. G. Parameswaran Pillai, he agreed that it is the only possible and feasible basis for distributing these I. S. D. orders. When the orders came up to the Association consisting of 29 members and all of them exporters these members distributed the business to Shertalai and Anjengo. But we were not able to secure the total 100 per cent. from the Indian Stores Department. As Mr. P. S. Mahomed said, some orders went to Bombay. But Mr. P. S. Mahomed enjoys these orders without allowing others to enjoy even a portion of it.

With regard to the second point, I may say that we formed a voluntary association during the recent labour crisis to settle disputes and differences in the matter of wages etc. The Association operates only with regard to the labour within the Municipal area at Alleppey. We advise the other industrial centres to form their own committees, telling them that we are prepared to co-operate with them if our co-operation is asked for. The newly formed Industrial Relations Committee at Alleppey have no idea of interfering with the labour disputes and settlements outside their jurisdiction.

SRIMATHI T. NARAYANI AMMA: Sir, it is not an easy matter to frame a budget at a time when the resources of almost every State are in one way or other affected by a devastating war of unprecedented magnitude whose repercussions, we even in this distant Travancore are experiencing. Yet in spite of such circumstances the Financial Secretary to the Government of His Highness the Maharaja of Travancore has been able to present to us a budget which, without increasing the burden of the people, meets the legitimate demands of a progressive administration, leaving at the same time a substantial surplus. No one who carefully studies the figures contained in the Budget report and dispassionately consider the explanations given by the Financial Secretary in his speech can fail to commend it. I hasten to congratulate the Financial Secretary on the Budget presented by him. His indeed has been an unenviable task and he has discharged it in a manner which greatly redounds to the credit of the Government. The several measures adopted by Government to effect cuts in expenditure in order that both ends may be met without additional taxation and without impairing the efficiency of the administration are in consonance with the declared policy of Government. The only directions in which Government seek to increase the revenue are by levying a cess on the rubber exported from the State and by increasing the existing duty on tea which affects only the capitalists.

Coming to the expenditure side, one is indeed glad to note that adequate provisions have been made to several departmental activities of a far-reaching character. A Five Year Plan for the development of the forest resources is a step in the right direction. It is a matter of gratification, Sir, that the various research activities of the University have already begun to yield substantial results and the hope expressed by the Financial Secretary that ere long the university will more than justify the objects with which it has been organised, I feel sure, will be heartily echoed by every patriotic Travancorean. The new schemes under agriculture and Industries will also be gladly welcomed by the people. In fact it would have been only in the fitness of things if larger allotments were made for the improvement of agriculture and the development of industries. You, Sir, as the Head of the Administration have already given a great impetus to questions connected with agriculture and industries and with the possibilities of industrial expansion mentioned in the concluding paragraph of the Financial Secretary's speech. The people look upon you Sir for large scale industrial undertakings which will go a long way in solving the growing problem of unemployment – a problem by the by, which is invading the domain of women also to an alarming extent.

Sir, with regard to the Co-operative Department one would have been gladder if a larger allotment had been made for it and the Department placed under a full time officer. It is also seen that under Medical, Ayurveda, Public Health and Sanitation, provision has been made only for the normal activities of the departments concerned. Sir, in this connection I venture to make special reference to these departments because of the great need felt for an increased number of women doctors, nurses and midwives and a further extension of medical relief and public health activities to rural areas. But we do not forget the fact that it is a War-time budget, and I only hope that when it is time for the preparation of the next budget, the "frowns of the war" to which doleful references were made by the Financial Secretary in his speech would disappear enabling the Government to launch schemes of the kind referred to in your inspiring addresses, to the greater prosperity of the people and the greater glory of the State.

MR. THARIATHU KUNJITHOMMEN: സർ, രാജ്യകാര്യങ്ങളെ വിമർശിച്ചു രാജ്യക്ഷേമകരങ്ങളായ നിർദ്ദേശങ്ങൾ നൽകുവാൻ ജനപ്രതിനിധികൾക്ക് ലഭ്യമാകുന്ന പ്രധാന അവസരം ബഡ്ജററു പൊതുവിമർശനാവസരമാണല്ലോ? എനിക്ക് മുമ്പു പ്രസംഗിച്ച മാന്യമെമ്പറന്മാർ പല പ്രധാനവിഷയങ്ങളും പറഞ്ഞുകഴിഞ്ഞു. അതിനാൽ ഏററവും പ്രധാനമെന്ന് ഞാൻ വിചാരിക്കുന്ന ചില സംഗതികളെ ഈ പരിമിതമായ സമയത്തിനുള്ളിൽ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ വിചാരിക്കുന്നുള്ളു. യുദ്ധപരിതസ്ഥിതികളാൽ ഓരോ ഗവൺമെൻറുകളും ധനസംബന്ധമായ വലിയ വിഷമത്തിൽ അകപ്പെട്ടിരിക്കുന്ന

[Mr. Thariathu Kunjithommen.]

ഈ അവസരത്തിൽ സാധുജനസംരക്ഷണത്തിനു ലുബ്ധുകാണിക്കാതെയും സാമാന്യജനങ്ങളുടെ മേൽ വമ്പിച്ച നികുതിഭാരം ചുമത്താതേയും ഗവൺമെൻറിൻെറ സാമ്പത്തികനില സുരക്ഷിതമാക്കി വച്ചിരിക്കുന്നതിലും, ഭാരതഭൂമിയിലെ ഇതരഭാഗങ്ങളിൽ സുലഭമല്ലാത്ത സമുദായസൌഹാർദ്ദവും, പൊതുസമാധാനവും പരിരക്ഷിച്ചുവരുന്നതിലും ഭരണാദ്ധ്യക്ഷൻ പ്രദർശിപ്പിച്ചിട്ടുള്ള ഭരണനൈപുണ്യം അഭിനന്ദനീയമായിരിക്കുന്നു. സാമ്പത്തിക പുരോഗതിയും, സാമുദായികസൌഹാർദ്ദവും, ഇവകളിൽനിന്നും ഉളവാകേണ്ട ജനക്ഷേമവും പൊതുസമാധാനവും, വർദ്ധിക്കുവാൻ അവശ്യം വേണ്ടതായ ചില നിർദ്ദേശങ്ങളാണു ഞാൻ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാൻ വിചാരിക്കുന്നത്. നമ്മുടെ രാജ്യം ജനസംഖ്യയിലും മുതലെടുപ്പിലും ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിൽവെച്ച് മൂന്നാമത്തേതാണെങ്കിലും വിസ്തീർണ്ണത്തിൽ കേവലം പത്തൊൻപതാമത്തേതു മാത്രമാണ്. ജനസംഖ്യാനുസരണമായി വേണ്ട സ്ഥലവിസ്തീർണ്ണത ഇവിടെയില്ല. നമ്മുടെ പ്രധാന തൊഴിൽ കൃഷിയാണ്. കൃഷിക്കു സ്ഥലമില്ലാതെ നിവൃത്തിയില്ലല്ലോ. പന്ത്രണ്ടു സെൻറു വെററ്ലാൻഡും മുപ്പത്തിയൊന്നുസെൻറു ഡ്രൈലാൻഡും ആണ് ഇവിടെ ശരാശരി ഒരാളിനുള്ളത്. ഇവിടെ ഒരാളിൻെറ പ്രതിവത്സരമുള്ള ശരാശരി വരുമാനമൊ അമ്പത്തിയൊന്നു രൂപാ മാത്രമാണ്. ഇതെല്ലാം സെൻസസ്സു റിപ്പോർട്ടിനോടനുബന്ധമായി ചേർത്തിട്ടുള്ള സാമ്പത്തിക സർവ്വെ കണക്കുകളിൽനിന്നാണ് ഞാൻ ഉദ്ധരിക്കുന്നത്. ആളാംപ്രതി പന്ത്രണ്ട് സെൻറു വീതമുള്ള വെററ് ലാൻഡിൽ കൃഷിചെയ്താൽ ഈ രാജ്യത്തെ ഓരോരുത്തർക്കും ആവശ്യമുള്ള ആഹാരസാധനങ്ങൾ വിളയിക്കാൻ സാധിക്കുയില്ല. നമ്മുടെ സാമ്പത്തികനില അധഃപതിക്കാതെ ഈ വിധത്തിലെങ്കിലും പരിരക്ഷിച്ചുകൊണ്ടുപോകുന്നത് ഇവിടത്തെ ഡ്രൈലാൻഡിലെ ഉൽപന്നങ്ങളുടെ കയററുമതികൊണ്ടുമാത്രമാണ്. നമ്മുടെ ഉൽപന്നങ്ങളെ നാം വിദേശങ്ങളിലേക്കു അയച്ചു കിട്ടുന്ന പണം കൊണ്ടാണ് നമുക്കു ആവശ്യമുള്ള ആഹാരസാധനങ്ങൾ വസ്ത്രങ്ങൾ, ലോഹസാധനങ്ങൾ മുതലായവ പുറത്തുനിന്നും വാങ്ങി നാം കഴിയുന്നത്. ഇതെല്ലാം നാം എത്രതന്നെ ശ്രമിച്ചാലും ഇവിടത്തന്നെയുണ്ടാക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് നെൽകൃഷി വർദ്ധിപ്പിക്കേണ്ടായെന്നല്ല ഞാൻ പറയുന്നത്. നെൽകൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടതും, അതിലേക്കു വേണ്ട പ്രോത്സാഹനങ്ങളെല്ലാം ഗവൺമെൻറു നല്കേണ്ടതുമാണു. എന്നാൽ

നെൽകൃഷിയേക്കാൾ ആദായകരമായ മററു കൃഷികൾ ചെയ്യാൻ നിവൃത്തിയില്ലാത്ത സ്ഥലങ്ങളിലെ നെൽകൃഷിചെയ്യുവാൻ പ്രോത്സാഹിപ്പിക്കാവൂ. നമുക്ക ആവശ്യമുള്ള ആഹാരസാധനം ഇവിടെ വിളഞ്ഞുണ്ടാകുന്നതാണോ, അതല്ലാ വെളിയിൽനിന്നും വരുന്നതാണോ എന്നല്ല നാം പ്രധാനമായി നോക്കേണ്ടത്. ഇവിടത്തെ ഒരേക്കർ ഭൂമിയിൽനിന്ന എത്ര കൂടുതൽ ആദായം ഉണ്ടാക്കാമെന്നാണ് നാം നോക്കേണ്ടത്. കൂടുതൽ പണമുണ്ടായാലെ നെല്ലുമുതലായ ഇറക്കുമതി സാധനങ്ങൾ വാങ്ങുവാൻ നാം കൂടുതൽ ശക്തരായി തീരൂ. ആളാംപ്രതിയുള്ള വരുമാനത്തോതു് എത്ര ഉയരുമോ, അതനുസരിച്ചാണല്ലോ നമ്മുടെ സാമ്പത്തിക ഉയർച്ച. അതിനാൽ ലോകത്തിലെ വിപണികളിൽ കൂടുതൽവിലയ്ക്കു പോകുന്ന ഉൽപന്നങ്ങളുടെ കൃഷിയാണ് പ്രോത്സാഹനാർഹമെന്നു സ്പഷ്ടമാണല്ലോ. മനുഷ്യർക്കെന്നപോലെ രാജ്യങ്ങൾക്കും ചില വിഷയങ്ങളിൽ അന്യോന്യം ആശ്രയിച്ച് കഴിയേണ്ട വിധമാണ് പ്രകൃതിനിയമം. ശീതോഷ്ണസ്ഥിതിയും ഭൂപ്രകൃതിയുമനുസരിച്ച് ഓരോ രാജ്യത്തു ഓരോന്നു ആദായകരമായി കാണും. അതനുസരിച്ചു പ്രവർത്തിക്കണം. നാളികേരം, പെപ്പർ, ചുക്ക മുതലായവയുടെ കയററുമതി ഇനത്തിൽ വലിയതുക ഈ രാജ്യത്തു വന്നിരുന്നു. ഇറക്കുമതിയുടെ നഷ്ടം ഈ വിധം നികന്നുവന്നു. മേൽപ്പറഞ്ഞ നമ്മുടെ ഉൽപ്പന്നങ്ങൾക്ക വളരെ വിലകുറഞ്ഞുപോയി. നമുക്ക ഇപ്പോഴുള്ള ആദായകരമായ ഉൽപന്നങ്ങൾ റബ്ബർ, ഏലം, തേയില ഇവയാണ്. റബ്ബർകൃഷിയുടെ മൂന്നിൽ രണ്ടുഭാഗവും, തേയിലകൃഷിയുടെ എട്ടിൽ ഏഴുഭാഗവും വിദേശികളുടെ കയ്യിലാണെന്നു സെൻസസ്സറിപ്പോർട്ടിൽനിന്നുകാണാം. ഏലകൃഷിയും എൺപതുശതമാനവും വിദേശികളുടെ അധീനമാണ്. ഇപ്പോൾ ആദായകരമായ കൃഷികൾ ഒന്നുംതന്നെ നാട്ടുകാരുടെ സ്വാധീനത്തിൽ അധികം ഇല്ല. മേൽപറഞ്ഞ ഉൽപന്നങ്ങൾക്ക ഡ്യൂട്ടി ചുമത്തിയതിൽ സാമാന്യജനങ്ങൾക്ക ആക്കുംതന്നെ സങ്കടമില്ല. ആദായകരമായ തൊഴിലുകളിൽ നിന്നു പണം പിരിച്ചുവേണമല്ലോ ഏതു ഗവൺമെൻറിനും രാജ്യകാര്യങ്ങൾ നിർവഹിക്കുവാൻ. ഏതായാലും ഈ വിധത്തിലുള്ള ആദായകരമായ കൃഷിയെ വർദ്ധിപ്പിക്കാൻ ഗവൺമെൻറു പ്രത്യേകം ശ്രദ്ധിക്കണം. റബ്ബർകൃഷിയും തേയിലകൃഷിയും നിയന്ത്രണംകൊണ്ടു ഇനി വർദ്ധിപ്പിക്കുവാൻ നിവൃത്തിയില്ലാതിരിക്കുന്നു. അടുത്തകാലത്തു ഗവൺമെൻറിന്റെ ശ്രമഫലമായി റബ്ബർകൃഷിയില്ലാത്തവർക്ക കുറെ സ്ഥലങ്ങൾ കൃഷിചെയ്യാൻ സൌകര്യം ലഭിച്ചു. തേയിലയുടെ കാര്യത്തിലും ഈ വിധം ശ്രമിച്ചു

[Mr. Tharithu kunjithommen,]

ഫലം വരുത്തണം. ഒന്നോ രണ്ടോ ലക്ഷം ഏക്കർ സ്ഥലത്തുകൂടി ഏലകൃഷി വ്യാപിക്കുവാൻ നമ്മുടെ രാജ്യത്തു് സൌകര്യമുണ്ടു്. ഈ കൃഷിക്കു വലിയ വൃക്ഷങ്ങൾ വെട്ടി വനം നശിപ്പിക്കേണ്ട ആവശ്യമില്ല. ചെറിയ ചെടികൾ മാത്രം മുറിച്ചാൽമതി. ഏലകൃഷിക്കുപയുക്തമായ സ്ഥലങ്ങൾ ഒരാൾക്കു അമ്പതു ഏക്കറിൽകൂടാതെ തിരുവിതാംകൂറിലെ പൌരന്മാർക്കു കൊടുത്തു അവരെ ഈ കൃഷിയിൽ പ്രോത്സാഹിപ്പിക്കുന്നപക്ഷം വളരെപ്പേർക്കു കാലക്ഷേപമാർഗ്ഗവും, ഗവർമ്മെൻറിനു അധികം മുതലെടുപ്പും രാജ്യത്തു് കൂടുതൽ ഐശ്വര്യവും ഉണ്ടാകും. ഓരോതരം കൃഷികൾക്കും ഭൂമി പതിച്ചുകൊടുക്കുന്നതിൽതന്നെ ഭൂമി ഇല്ലാത്തവർക്കു പ്രഥമാവകാശം നൾകണം. കാർഷികപാരമ്പര്യമുള്ള ഒരു വമ്പിച്ച സമുദായം ധാരാളം ഭൂസ്വത്തു് ഉണ്ടായിരുന്നതു് ആളോഹരിഭാഗത്തിൽ ചുരുങ്ങിയതിനാൽ, കൃഷിക്കു ഭൂമിയും പണവും കുറഞ്ഞുപോയതിനാൽ വിഷമിക്കുന്നുണ്ടു്. അധികസാമർത്ഥ്യവും വിദഗ്ദ്ധത്വവും ഉള്ള പ്രസ്തുത സമുദായത്തിലെ യുവാക്കന്മാരുടെ ശ്രദ്ധയെ ഭൂമിയും കൃഷിലോണും നൾകി കൃഷിയിലേക്കു തിരിച്ചുവിടണം. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നവരെ ഗവൺമെൻറു സഹായിക്കുന്നുണ്ടല്ലോ. അതുപോലെ ഭൂസ്വത്തു കുറഞ്ഞ എല്ലാ സമുദായക്കാർക്കും ഭൂമിപതിച്ചുകൊടുക്കുന്നതിൽ മുൻഗണന നൾകി പ്രോത്സാഹിപ്പിക്കേണ്ടതാണു. അതുപോലെ തന്നെ പബ്ലിക്കുസർവീസിൽ വളരെ പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്കു അവിടെ മുൻഗണന നൾകണം. ഇതെല്ലാം രാജ്യക്ഷേമത്തിനു ആവശ്യമാണു. നമ്മുടെ രാജ്യത്തു് പൊതുക്ഷേമം പാലിക്കയും സമുദായങ്ങളുടെ ഇടയിൽ സൌഹാർദ്ദവും ഐക്യവും വളർത്തുകയും ചെയ്യുന്നതിനു ഇതെല്ലാം ആവശ്യമാണു്. ഗവൺമെൻറിൻെറ ശ്രദ്ധ പതിയാതിരുന്ന പ്രദേശങ്ങളിലേക്കും സമുദായങ്ങളിലേക്കും ഗവൺമെൻറു ഇപ്പോൾ കൂടുതലായി ശ്രദ്ധ പതിപ്പിച്ചുവരുന്നുണ്ടെന്നു കാണുന്നതു് സന്തോഷാവഹം തന്നെ. എന്നാൽ ഈ വിഷയത്തിൽ ഇനിയും വളരെ കൂടുതൽ ശ്രദ്ധിക്കാനുണ്ടു്. ജനങ്ങളുടെ ഇടയിൽ അസ്വസ്ഥത ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒന്നാമത്തെ സംഗതി ഇവിടത്തെ പബ്ലിക്കുസർവീസിൽ ചില സമുദായങ്ങൾക്കു ഇപ്പോഴും ഉള്ള വലുതായ അസമത്വമാണു്. പബ്ലിക്കുസർവീസിനെ ശരിപ്പെടുത്താൻ ഒരു കമ്മീഷണരെ നിയമിച്ചു് പ്രവൎത്തി തുടന്നുകൊണ്ടിരിക്കുന്നതുകൊണ്ടു കുറച്ചെല്ലാം ഗുണമുണ്ടു്. ഇതിനു പല ന്യൂനതകളുമുള്ളതു് പിന്നീടു പ്രസ്താവിച്ചുകൊള്ളാം. എന്നാൽ ഉയന്ന ഉദ്യോഗങ്ങളിലുള്ള നിയമനങ്ങൾ കമ്മീഷണരുടെ അധികാരപരിധിയിലല്ല,

ഇവിടെ മുപ്പത്തിയാറു ഡിപ്പാർട്ടുമെൻറു അദ്ധ്യക്ഷന്മാരുണ്ടു്. ഈ രാജ്യത്തെ വമ്പിച്ച ജനവിഭാഗമായ ഈഴവസമുദായത്തിൽ നിന്നു് അതിൽ ഒരാൾപോലും ഇല്ല. ഈ രാജ്യത്തെ ജനവിഭാഗത്തിൽ മൂന്നാമത്തെസ്ഥാനത്തു നിൽക്കുന്ന സിറിയൻ കത്തോലിക്കരിൽനിന്നും നാലാമത്തേതായ ലാററിൻ കത്തോലിക്കരിൽനിന്നും ഇതിൽ ആരും ഇല്ല. സെക്രട്ടേറിയേററിലുംസിറിയൻ കത്തോലിക്കർക്കു ഒരു ഉയർന്ന ഉദ്യോഗവും ഇല്ല. ഇവരിൽനിന്നു ഡിവിഷൻ അസിസ്റ്റൻറന്മാരും താഹശീൽദാരന്മാരും ആരും ഇല്ല. രാജ്യഭരണറിപ്പോർട്ടിൻെറ ആദ്യത്തെഭാഗത്തുതന്നെ പറഞ്ഞിരിക്കുന്നതു ഈ രാജ്യത്തെ ഭരണനയം ഡിപ്പാർട്ടുമെൻറു് അദ്ധ്യക്ഷന്മാരോട്ട് ആലോചിച്ചു സെക്രട്ടേറിയേററിൽ വീണ്ടും പരിചിന്തനം ചെയ്തു രൂപീകരിക്കപ്പെടുന്നു എന്നാണു്. ഈ സ്ഥാനങ്ങളിൽ ഒന്നിലുംതന്നെ ഈ വമ്പിച്ച സമുദായത്തിൽനിന്നു ആരുംതന്നെയില്ല.

MR. PUTHUPALLI S. KRISHNA PILLAI : ഹൈക്കോടതിയിലെ ഇപ്പോഴത്തെ മേലദ്ധ്യക്ഷൻ ആരാണു്?

MR. THARIATHU KUNJITHOMMEN : അതു ലീഗൽ റിമെംബ്രൻസർ തന്നെ അറിയാമല്ലോ. ഒരുദ്യോഗസ്ഥനെ സ്ഥലംമാററാൻകൂടി തനിച്ചു അധികാരം ഇല്ലാത്ത ചീഫ്ജസ്റ്റിസ് ജുഡിഷ്യൽ വകുപ്പിൻെറ മേലദ്ധ്യക്ഷനല്ല. അദ്ധ്യക്ഷത ഫുൾബെഞ്ചിനാണു്.

MR. PUTHUPALLI S. KRISHNA PILLAI : ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരില്ലാ എന്നു മെമ്പർ പറഞ്ഞതുകൊണ്ടു ഹൈക്കോടതിയിലെ മേലദ്ധ്യക്ഷൻ ആരാണെന്നു അറിയാമോ എന്നു ചോദിച്ചതേയുള്ളു.

MR. THARIATHU KUNJITHOMMEN : എനിക്കു പരിമിതമായ സമയമേയുള്ളു. അതുകൊണ്ടു ചോദ്യമെല്ലാം ഒടുവിൽ ചോദിക്കണം. ഇവിടത്തെ വമ്പിച്ച ജനവിഭാഗങ്ങളായ ഈഴവരിൽനിന്നും സുറിയാനികത്തോലിക്കരിൽനിന്നും ഡിപ്പാർട്ടുമെൻറു അദ്ധ്യക്ഷന്മാരില്ല.

MR. M. SIVATHANU PILLAI : സർ, ഈഴവരെപ്പററി പറയാൻ മി. കുഞ്ഞിത്തൊമ്മനു അവകാശമുണ്ടോ?

PRESIDENT : Order, Order. Each honourable member of this house is the custodian of the rights and privileges of everybody in the State.

MR. THARIATHU KUNJITHOMMEN: എൻെറ നിയോജകമണ്ഡലത്തിലുള്ള ഈഴവവോട്ടർമാരും ചേർന്നാണു് എന്നെ ഇങ്ങോട്ടു അയച്ചതു. അതുകൊണ്ടു അവരുടെ കാര്യവും പറയുവാൻ എനിക്കു പ്രത്യേക ചുമതലയുണ്ടു. ഞാൻ രാജ്യക്ഷേമത്തെ മുൻനിറുത്തിയാണു എപ്പോഴും സംസാരിക്കാറുള്ളതു്. രാജ്യത്തിൻെറ ഏതുഭാഗത്താണോ ഗവമെൻറിൻെറ ശ്രദ്ധ പതിയാതിരിക്കുന്നതു്, ആ ഭാഗത്തേക്കും, ഏതു ജനവി

[Mr. Tharithu Kunjuthommen.]

ഭാഗത്തിന്റെ സംഗതിയിലാണോ ഗവൺമെന്റിന്റെ ശ്രദ്ധ പതിയേണ്ടതു്, ആ ജനവിഭാഗത്തിലേക്കും ഗവൺമെന്റിന്റെ ശ്രദ്ധയെ തിരിച്ചുവിടേണ്ടതു് ഓരോ പ്രതിനിധിയുടേയും കടമയാണു്. എനിക്കോ എന്റെ പാർട്ടിക്കാക്കോ ഉദ്യോഗത്തിനല്ല ഞാൻ വാദിക്കുന്നതു്.

സർ, ഈഴവസമുദായത്തിന്റെ സ്ഥിതി പബ്ളിക്ക സർവീസ സംബന്ധിച്ചിടത്തോളം പൊതുവിലും വളരെ പരിതാപകരമാണു് ഇവിടത്തെ എയിഡഡ് സ്കൂളുകൾക്കു നാമമാത്രമായ ഗ്രാന്റെ ഗവൺമെന്റിൽനിന്നും കൊടുക്കുന്നുള്ളു. എങ്കിലും ഉദ്യോഗനിയമനവിഷയത്തിൽ അവർ എല്ലാ സമുദായങ്ങളോടും നീതി പ്രവർത്തിച്ചു മാതൃക കാണിച്ചിട്ടുണ്ടു്. എയിഡഡ് സ്കൂളുകളിൽ ഈഴവക്കു ൯൦൦-ത്തിൽ അധികം ഉദ്യോഗമുണ്ടു്. ഗവൺമെന്റിന്റെ സകല വകുപ്പുകളിലുംകൂടി ഈഴവക്കു ഇതിന്റെ മുക്കാൽപങ്കുപോലും ഉദ്യോഗം ഇല്ല എന്നു പബ്ളിക് സർവീസ് കമ്മററി റിപ്പോർട്ടിലെ കണക്കുകൊണ്ടു കാണാം. ഇതുപോലെതന്നെയാണു് മറേറാരോ സമുദായത്തിനും എയിഡഡ് സ്കൂളുകളിൽ ഉള്ള പ്രാതിനിധ്യം. ചില സമുദായക്കാർക്കാണു് സ്കൂളുകൾ അധികമെങ്കിലും എല്ലാ സമുദായക്കാർക്കും നിയമനങ്ങളിൽ ന്യായം ലഭിക്കുന്നുണ്ടെന്നു എഡ്യൂക്കേഷൻ റിപ്പോർട്ടു നൂററാറുപത്തേഴാം പേജിലെ പട്ടികയിൽനിന്നു കാണാം. ഷാർട്ടുവേക്കൻസിയിൽപോലും നിയമനങ്ങളിൽ ഇതരസമുദായങ്ങളോടു നീതി പ്രവർത്തിച്ചിട്ടുള്ള രണ്ടുദ്യോഗസ്ഥന്മാരെയെങ്കിലും ചൂണ്ടികാണിച്ചു തരാൻ എന്റെ ഇവിടെയുള്ള സ്നേഹിതന്മാരിൽ ആക്കും സാധിക്കുമെന്നു തോന്നുന്നില്ല.

MR. K. R. NARAYANAN : ഷാർട്ടു വേക്കൻസികളിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ നീതി കാണിച്ചിട്ടുണ്ടോ?

MR. THARIATHU KUNJITHOMMEN: ഇല്ല. വിദേശികളായ ഉദ്യോഗസ്ഥന്മാരിൽ ചിലക്കു ചില സമുദായക്കാരെ തന്നെ നിയമിക്കണമെന്നു ഉദ്ദേശമില്ല. എന്നാൽ അവരേയും അവരുടെ ഡിപ്പാർട്ടുമെന്റിലെ മാനേജർമാരും ഹെഡ്ഡു ക്ലാക്കുമാരും വഴിതെററിക്കുന്നുണ്ടു്. കണക്കുകൊണ്ടു് വെളിപ്പെടുത്താവുന്ന ഉദ്യോഗനിയമനങ്ങളിൽ ഇത്ര പക്ഷപാതവും അനീതിയും പ്രവർത്തിക്കുമ്പോൾ കണക്കുകൊണ്ടു് വെളിപ്പെടുത്താൻ നിവൃത്തിയില്ലാത്ത മററു ഗൌരവമുള്ള ഉദ്യോഗകൃത്യങ്ങളിൽ അവർ എത്രമാത്രം അനീതി കാണിക്കുന്നുണ്ടായിരിക്കണം അനീതിയും പക്ഷപാതവും കാണിക്കുന്നവരെ കർശനമായി ശിക്ഷിക്കുകതന്നെവേണം. ഞാൻ വിദ്വേഷബുദ്ധികൊണ്ടു പറയുകയല്ല. രാജ്യത്തു നീതിയും സമാധാനവും

പാലിക്കവാൻവേണ്ടി പറയുകയാണ്. കൊല്ലം ഡിവിഷനിൽ പൊതുമരാമത്തുവകുപ്പിൽ ഇരുനൂറിൽപരം മേസ്തിരിമാരുള്ളതിൽ തൊണ്ണൂറോളം ക്രിസ്ത്യാനികൾ ഉണ്ടെങ്കിലും സുറിയാനി കത്തോലിക്കർ ഇതിൽ രണ്ടുപേർ മാത്രമാണ്. അതുപോലെതന്നെ പൊലീസ് ഡിപ്പാർട്ടുമെൻറിൽ അറുനൂറിൽപരം നിയമനങ്ങൾ നടത്തിയിട്ടുള്ളതിൽ സിറിയൻ കത്തോലിക്കരിൽനിന്നു ആറുപേരേയുള്ളു. ഇതു ഇവിടെവച്ചിട്ടുള്ള പട്ടികകളിൽ കാണുന്നതാണ്. പുതിയ നിയമനങ്ങളിലെങ്കിലും അസമത്വമനുഭവിക്കുന്ന സമുദായക്കാർക്ക് അവരുടെ പങ്കു കൊടുത്തില്ലെങ്കിൽ എന്നാണു അവർക്ക് മററുള്ളവരോടു തുല്യമായ നിലകിട്ടുന്നത്. അതുകൊണ്ട് എല്ലാ കാര്യങ്ങളിലും ബുദ്ധിപൂർവം പ്രവർത്തിച്ച് ജനക്ഷേമത്തെ പരിരക്ഷിച്ചുകൊണ്ടിരിക്കുന്ന അനന്യസാധാരണമായ പ്രതിഭാവിലാസമുള്ള സചിവോത്തമൻതന്നെ ഈ കാര്യത്തിലും നേരിട്ടുവേണ്ടതു പ്രവർത്തിച്ചാലേ അസമത്വസമുദായത്തിനു നീതിയും ന്യായവും ലഭിക്കയുള്ളു.

രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലേക്കും ഗവണ്മെൻറിൻെറ ശ്രദ്ധ ഒരുപോലെ പതിയേണ്ടതാണല്ലോ. ഇക്കാര്യത്തിൽ ഗവണ്മെൻറു ഇനിയും കൂടുതലായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഉത്തരതിരുവിതാംകൂറിലേക്കു ട്രാൻസ്പ്പോർട്ടുസർവീസ് ഉടനെ നീട്ടണം. ഇന്നത്തെ ട്രാൻസ്പോർട്ടുഡയറക്ടരുടെ സാമർത്ഥ്യത്തെ ഞാൻ അപലപിക്കുന്നില്ല. എന്നാൽ അദ്ദേഹം വാങ്ങിക്കുന്ന വമ്പിച്ച ശമ്പളത്തിനു തക്കവണ്ണമുള്ള ജോലി അദ്ദേഹത്തിനില്ല. ഇപ്പോഴത്തെ രീതിയിൽ പരിമിതമായ തോതിൽ ട്രാൻസ്പോർട്ടുസർവീസ് നടത്താൻ മുന്നൂറോ നാന്നൂറോ രൂപാ ശമ്പളത്തിൽ ഒരാൾ മതിയാകും. ആയിരത്തിലധികം രൂപാ ഇപ്പോൾ അദ്ദേഹത്തിനു ശമ്പളംകൊടുക്കുന്ന സ്ഥിതിക്ക് ട്രാൻസ്പോർട്ടു സർവീസ് രാജ്യമൊട്ടുക്കു വലിയ ലൈനുകളിലെല്ലാം നടപ്പാക്കണം. ഉത്തരതിരുവിതാംകൂറിൽനിന്നു ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാരുടെ ആഫീസുകളിലും ഹൈക്കോടതി, ഹജൂർകച്ചേരി എന്നീ സ്ഥാനങ്ങളിലും എത്തുവാൻ അനവധി ജനങ്ങൾക്കു ഇങ്ങോട്ടു വരേണ്ടിയിരിക്കുന്നു. ട്രാൻസ്പോർട്ടുബസ്സുകളിൽ സഞ്ചരിക്കുന്നത് ക്ലേശകരമാണെങ്കിലും സമയത്തിനു ക്ലിപ്തമുണ്ട്. കണ്ടക്ടർമാരും മററും കൂടുതൽ മര്യാദയായി പെരുമാറുന്നുണ്ട്. വല്ല സാമാനവും വച്ചു മറന്നുപോയാൽ അതു തിരിയെ അന്വേഷിച്ച് ഉടമസ്ഥക്കു കൊടുക്കുന്നുമുണ്ട്. ഇക്കാര്യങ്ങളിൽ പ്രൈവററു സർവീസുകാർക്ക് പലക്കും വേണ്ട നിഷ്കർഷയില്ല. റയിൽവേ ഉള്ള ചെങ്കോട്ടുക്കു പാരലലായി ലയിൻ നീട്ടിയതിനേക്കാൾ അത്യാവശ്യം

[Mr. Thariathu Kunjithommen.]

ഉത്തരതിരുവിതാംകൂറിലേക്കു നീട്ടേണ്ടതിനായിരുന്നു. ഏതായാലും ഇനിയെങ്കിലും താമസിയാതെ ട്രാൻസ്പോർട്ടു സർവീസ് ഉത്തരതിരുവിതാംകൂറിലേക്കു നീട്ടണമെന്നു ഞാൻ വീണ്ടും ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നു. വർഷമധികമുള്ളതിനാൽ ഉത്തരതിരുവിതാംകൂറിലെ റോഡുകൾ ദക്ഷിണതിരുവിതാംകൂറിലെ റോഡിനേക്കാൾ ചെളിയും കുഴിയും നിറഞ്ഞതാണ്. അതുകൊണ്ടു മെയിൻറോഡ് വടക്കേഅറ്റംവരെ നാഗർകോവിൽ റോഡുപോലെ കാൺക്രീററു ചെയ്യണം. കൊല്ലത്തും തിരുവനന്തപുരത്തും ഉള്ള നിലയിൽ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമുള്ള ഒരാശുപത്രി കോട്ടയംഡിവിഷൻെറ മദ്ധ്യത്തിൽ സ്ഥാപിച്ചു തരണം. മന്നാംകണ്ടം എന്നസ്ഥലം ലേലത്തിൽ വിററവകയിൽ ഗവണ്മെൻറിനു പല ലക്ഷം രൂപാ ലഭിച്ചു. എന്നാൽ ഇപ്പോൾ അവിടെ ആൾക്കുംപോയി കൃഷി ചെയ്യാൻ സാധിക്കാത്തവണ്ണം അവിടം ഒരു മലേറിയാ കേന്ദ്രമായി തീർന്നിരിക്കുന്നു. അനവധിയാളുകൾക്കും മലേറിയാ പിടിപെട്ടു റോഡരികിലും മററും മരിച്ചുകിടക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. എന്നിട്ടും അവിടെ ഒരു ഡിസ്പെൻസറി ഇതുവരെ തുറന്നിട്ടില്ല. മലമ്പനി പിടിപെട്ടു ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളെപ്പററി ഞാൻ പേഷ്കാരെ നേരിട്ടു കണ്ടു അറിയിക്കയും അദ്ദേഹം വേണ്ട നടപടി നടത്താമെന്നു പറയുകയും ചെയ്തു. ഈ സംഗതിക്കു ഒരടിയന്തിരപ്രമേയം അവതരിപ്പിച്ചാൽ ബഡ്ജററു കാര്യങ്ങൾക്കുള്ള സമയം നഷ്ടപ്പെടുമല്ലോ. ഞാൻ ഒരു സാധാരണ പ്രമേയം ഈ വിഷയത്തെ സംബന്ധിച്ച് അയച്ചിട്ടുണ്ട്. അതു ബാലററിൽ കിട്ടുമോ എന്നു അറിവാൻ പാടില്ല. ഏതായാലും ഗവണ്മെൻറു ഈ കാര്യത്തിൽ ഉടനടി ശ്രദ്ധിച്ചു ഡിസ്പെൻസറി നടപ്പിലാക്കണം. പ്രാദേശികസംഗതികൾ അപ്പഴപ്പോൾ അസംബ്ളി മുഖേനയും കൌൺസിൽ മുഖേനയും ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടാണ് ഇരിക്കുന്നതു്. പകുതികൾ തോറും വില്ലേജ് യൂണിയൻ ഏർപ്പെടുത്തിയാൽ അതുവഴി ഗ്രാമങ്ങളിൽ ആവശ്യമുള്ള സംഗതികളെപ്പററി ഗവണ്മെൻറിനു ശരിയായ അറിവു കിട്ടാൻ സാധിക്കും. ഈ ഉദ്ദേശത്തോടുകൂടി സ്ഥാപിക്കപ്പെട്ടിട്ടുള്ള പല യൂണിയനുകളും രണ്ടുകൊല്ലമായി പ്രവർത്തനമില്ലാതെ നിർജ്ജീവാവസ്ഥയിൽ കിടക്കുന്നു. കോതമംഗലത്തെ യൂണിയൻ ഇതിനുദാഹരണമാണ്. വില്ലേജുകളിൽ താമസിക്കുന്നവർ അധികവും കർഷകരാണ്. വില്ലേജ്‌യൂണിയൻകൊണ്ടു വളരെ ഗുണമുണ്ടാകും. ഗവണ്മെൻറു വേണ്ടതു ചെയ്യാത്തതുകൊണ്ടു മാത്രമാണ് യൂണിയനുകളെല്ലാം നിർജ്ജീവാവസ്ഥയിൽ കിടക്കുന്നതു്. അസംബ്ളിയിലും കൌൺസിലിലും കാസ്ററുവാർസ്ലേററ

മെൻറ് ആവശ്യപ്പെട്ടുകൊണ്ടുള്ള ചോദ്യങ്ങൾ ധാരാളം വരുന്നുണ്ട്. ക്വാർട്ടർലി സിവിൽലിസ്റ്റിൽ ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ പട്ടിക ചേക്കുന്നതുപോലെ സമുദായവും ചേർത്താൽ ഈ ചോദ്യം കൂടാതെ കഴിയാം. കൊല്ലംതോറും ഓരോ വകുപ്പിലുമുള്ള മൊത്തം ഉദ്യോഗസ്ഥന്മാരുടെ സമുദായവിവരപ്പട്ടിക ഗവണ്മെൻറ് ഡയറക്ടറിയിലും ചേക്കണം. ഇങ്ങനെ ചെയ്താൽ പബ്ലിക്ക് സവീസ് കമ്മീഷണരുടെ നിയമനംകൊണ്ടുംമററും അസമത്വം നീങ്ങുന്നുണ്ടോ എന്നും ഓരോ സമുദായങ്ങൾക്കും കിട്ടേണ്ട അവകാശങ്ങൾ കിട്ടിവരുന്നുണ്ടോ എന്നൊക്കെ പൊതുജനങ്ങൾ അപ്പഴപ്പോൾ മനസ്സിലാക്കും. ഔഷധംകൊണ്ട് രോഗം സുഖപ്പെടുന്നുണ്ടോ എന്നറിഞ്ഞു് ഔഷധം മാററുന്നതുപോലെ പബ്ലിക്ക് സർവ്വീസ് കമ്മിഷണരുടെ പ്രവത്തനംകൊണ്ട് അസമത്വം നീങ്ങുന്നുണ്ടോ എന്നറിഞ്ഞു് പ്രവത്തനത്തിൽ വേണ്ട വ്യത്യാസം വരുത്തുവാൻ സൗകര്യം കിട്ടണം. സമുദായം തിരിച്ചുള്ള ചോദ്യങ്ങൾ ആവത്തിച്ചു ചോദിക്കേണ്ടിവരുന്നതിൽ ഞങ്ങൾക്കുതന്നെ വിഷമമുണ്ട്. ഇപ്പോൾ അതുകൂടാതെ കാര്യം അറിവാൻ മാർഗ്ഗമില്ല. ഈ വക സംഗതികളിലെല്ലാം ഗവണ്മെൻറിൻെറ ശ്രദ്ധ പതിയണമെന്നു ഉൽബോധിപ്പിച്ചുകൊണ്ട് വിരമിച്ചുകൊള്ളുന്നു.

MR. KAINIKKARA M. PADMANABHA PILLAI: Sir, in your speech at the joint sitting of the two Houses, you placed before us a long array of very serious matters of which, for more reasons than one, your statement about the constitutional reforms in the State appears to me to have an especial significance. On any occasion that statement would have been of immense significance. But coming as it does at a time when there is no political agitation in this country, spontaneously and without any direct or indirect external persuasion, at a time when the experiment at Responsible Government in the neighbouring State seems to be groping in a sort of *cul de sac*, and in the presence of the Resident and the Political Adviser to His Excellency the Viceroy I feel that this pronouncement has an exceptional significance. Therefore, Sir, I crave your indulgence and the indulgence of the House to speak a few words on this subject especially in the light of the concluding sentence of yours, viz., that Government are engaged in thinking over and discussing plans for that purpose.

Much water has flowed under the bridge after the adjournment motion on Responsible Government was moved in this Assembly. That necessitated a full explanation of the constitutional position, and you did it with characteristic thoroughness and you brought to bear on it the full force of your legal, political and administrative knowledge and experience that it had its echoes in all important quarters and has become a matter of historic importance,

[Mr. Kainikkara M. Padmanabha Pillai.]

The adjournment motion was not only sensational in itself but wa the beginning of a series of unpleasant sensations. It was a sort (prologue to an ugly political drama, the like of which we had nc witnessed till then in this country, and we hope we shall not have th misfortune to witness again. In the heat and hurry of that agitatio the meeting ground was easily missed. The agitators pitched their cr as high as possible. The Government, and you as their spokesma had repeatedly to stress the difficulties in the way. The circumstance were such that every thing tended to widen the cleavage and amon those that had not the chance of knowing the workings of your mind close quarters, a feeling spread that you were antagonistic to popul aspirations. Now, this statement, Sir, especially as it comes when th thunder and lightening are not only over but forgotten, helps to clari the position immensely.

Those who had the privilege of knowing your real opinion in th matter have had no misgivings at any time. Even those who had nc that chance but had the good sense to view things and persons di passionately felt that you would never be against popular aspiratior either in your official or personal capacity. Officially you had to carr out the wishes of His Highness the Maharaja, whose very ascension t the throne was the signal for wide constitutional reforms. Speakin personally the important part you have played in British Indian politic your stout championing of Indian national ideals are too well know Anyhow this statement has helped to make the position once for all clear. You have now told us in unmistakable terms that not only is His Highness' Government not opposed to the political aspirations of the people but that the Travancore Government will be behind no other in securing the advice and effective co-operation of the people in the daily task of administration. You have told us that the real objection is against the formation of an Executive removable by the Legislature, because it will be incompatible wi.h the relations and obligations of the Ruler with the Paramount Power. Our sincere thanks are due to you Sir, for clarifying the position and generously offering a meeting point between the people and the Government in this matter of constitutional progress.

The demand for the establishment of Responsible Government in this country is no new thing. It is not a surprise either. The seed of Responsible Government was voluntarily sown in this country more than half a century ago by the sacred hand of our Ruler. The popular element in the administration steadily and gradually developed and it has blossomed into the present bicameral legislature to which we have the honour to belong. The people of this country therefore have had practical training in popular administration for more than half a century. In education we stand in the forefront of all Indian states and provinces. An educated and civilised people with a long experience in popular Government and found fit to carry on the duties and responsibilities entrusted to them would naturally ask for more power and responsibility. Speaking for myself, in spite of what ever history might

have to teach us about the melancholy fate of democracies, ancient and modern, in spite of the fact that dictatorship might be advisable or even necessary during times of national crises, in spite even of the fact that at the present moment political theories and doctrines are in the melting pot, I am old-fashioned enough to continue to hug, it may be the illusion—it may even be the vanishing illusion of democracy. Nor am I prepared to subscribe to that political ultra rationalism which seeks a sort of iconoclastic satisfaction in saying that the seven Congress ministries in British India were drinking the life blood of minorities and which would not hesitate to condemn a gentleman of such unimpeachable character as Sjt. C. Rajagopalachariar as having been a party to that exploitation and paint Jinnahs and Ambedkars as its innocent victims. We studied democracy in our schools. We practiced democracy in our political life. We loved domocracy, we desired democracy and I am sure that the politically conscious section in this country still desire it.

Even during the discussion of the adjournment motion I have referred to above, you explained to us in detail that the establishment of Responsible Government in an Indian State would come into conflict with the relations of the Ruler with the Paramount Power. One can easily imagine a hundred such situations. All those statesmen and administrators who tried to controvert you on that occassion have been one by one converted to your view and now it has been admitted in all parts that your position is the correct one. From the point of view of constitutional law, your position is unassailable. But, Sir, you are as good a politician as a lawyer and I hope that the politician in you would admit that constitutional law is not the sum total of or identical with political life, therefore if there are legal difficulties, we would request you that with your wonderful legal genius, which in the Periyar case separated the water from the fall, matter from energy—a genius equalled only by the famous Shakespearean Heroine who effected a dramatic separation between flesh and blood,—I would request you, Sir, that with the help of that wonderful legal genius you should lead us beyond those legal difficulties to our dear political goal.

With the present statement, even that difficulty has vanished. It is true that when we talk of Responsible Government we have in our mind an Executive removable by the vote of the Legislature. But now that you have told us that the real objection is against the removability of the Executive, I find absolutely no reason why the Government and the people cannot agree in the matter of constitutional reforms. A removable Executive is by no means an invariable adjunct of democracy. It were so and if the irremovability of the executive was a negation of Responsible Government, then the greatest democracy in the world, I mean United States of America, would cease to be a democracy.

Sir, you have expressed your approbation of the work done by the departmental committees. I am a member of one of those committees

[Mr. Kainikkara M. Padmanabha Pillai.]

and I will be the last person to disparage the working of the committees. But I may mention one point. The moment you call a committee advisory, it loses its life. For if there is one thing that is wanted least in the world, one thing of which there is a plethora in the world, it is advice. I believe Sir that the world has never suffered for want of advice and it has very seldom banefitted by it. I do not think I have benefitted by one hundredth of the advice I have received and that one hundredth of the advice I have given has benefitted anybody in the world. The moment you call a committee advisory, it is robbing it of its life. It has already been given a bad name, it remains only to be shot. Therefore, Sir, what I would suggest is that instead of forming advisory committees, committees must be formed to do things. Another suggestion that I would make is that instead of forming separate departmental committees, let one central committee be framed under the presidentship of the Dewan and let that committee as and when necessary divide itself into separate departmental sub-committees. The central committee must be presided over by the Dewan and the sub-committees must be presided over by non-officials. But these are details and I do not wish to enter into details now. It will be time to think of those details during the discussions implied in the concluding sentence of your statement.

Sir, I sincerely believe that this significant statement of yours opens a new and beautiful vista; it opens a peaceful and friendly path towards the realisation of the reasonable political aspirations of the people. With the ennobling inspiration of an enlightened Mother with the unerring advice of a trusted Minister our beloved Maharaja, in a supreme moment, embodying in himself the highest and the noblest ideals and traditions of the Hindu kinghood, put the signature to the Temple Entry Proclamation and it has been rightly called the social *magna carta* of the people of Travancore. I have always believed that under the same inspiration and with the same advice, the same noble and glorious hand will put the signature to what will be called the political *magna carta* of the people of Travancore. And your statement gives me the hope that that supreme moment is not far off.

